# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1826 25-03-2013 ന് മറുപടിയ്ക്ക്**

**<u>പാട്ടക്കരാറിൽ ഏർപ്പെട്ട തോട്ടങ്ങൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) | വനം വകുപ്പുമായി പാട്ടക്കരാറിൽ ഏർപ്പെട്ടിട്ടുള്ള എത്ര തോട്ടങ്ങളുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | അഞ്ച് തോട്ടങ്ങളുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടുണ്ട്. |
| (ബി) | കാലാവധി കഴിഞ്ഞ തോട്ടങ്ങളിൽ നിന്നും കരാറുകാർ ഒഴിഞ്ഞു പോകാൻ നോട്ടീസ് നൽകുകയോ കാലാവധി നീട്ടി നൽകുകയോ ചെയ്തിട്ടുണ്ടോ; | (ബി), (സി) & (ഡി) | കെ.എഫ്.ഡി.സിക്ക് കോട്ടയം, മാങ്കുളം ഡിവിഷനുകളിൽ നിന്നും പാട്ടത്തിന് നൽകിയ പാട്ടക്കരാർ കാലാവധി കഴിഞ്ഞ 2 തോട്ടങ്ങളുടെ കരാർ പുതുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് സർക്കിളിൽ റോസറി, ക്ലിഫ് വ്യൂ(2 ബിറ്റുകൾ), തൂത്തംപാറ എന്നിവയുടേയും കണ്ണൂർ സർക്കിളിൽ കാസർഗോഡുള്ള പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ്, കോഴിക്കോട് എന്നിവയുടേയും പാട്ടക്കരാർ കാലാവധി കഴിഞ്ഞിട്ടുണ്ട്. ഇവയിൽ റോസറി, ക്ലിഫ് വ്യൂ, തൂത്തംപാറ എന്നീ എസ്റ്റേറ്റുകൾ സർക്കാരിലേക്ക് ഏറ്റെടുത്തിട്ടുണ്ട്. തോട്ടങ്ങളുടെ പാട്ടക്കാലാവധി സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഓരോ തോട്ടങ്ങളുടെയും പാട്ടക്കാലാവധി എന്നാണ് കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങളുടെ കരാറുകാർക്ക് ഇതുവരെ നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ കാരണം എന്താണെന്നു വ്യക്തമാക്കുമോ? | (ഇ) | സർക്കാർ സ്ഥാപനമായ കെ.എഫ്.ഡി.സിക്ക് പാട്ടത്തിന് നൽകിയ തോട്ടങ്ങളുടെ കരാർ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതിനാൽ നോട്ടീസ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

[illegible]

| ക്രമ നമ്പർ | ഡിവിഷൻ | പാട്ടത്തിന് നൽകിയ സ്ഥാപനത്തിന്റെ പേര് | കാലാവധി കഴിയുന്ന തീയതി | |
|---|---|---|---|---|
| 1 | കോട്ടയം | KFDC | 2001 | |
| 2 | | HNL | 2014 - 15 | |
| 3 | മൂന്നാർ | HNL | 2014, 2015,2024 | |
| 4 | മറയൂർ | HNL | 2024 | |
| 5 | മാങ്കുളം | KFDC | 2002 | |
| 6 | കോതമംഗലം | KFDC | 2026 | |
| 7 | കോന്നി | PCK | 2016 | |
| 8 | കോന്നി | SFCK | 2027 | |
| 9 | കോന്നി | KFDC | 2026 | |
| 10 | പുനലൂർ | SFCK | 2014 | |
| 11 | പുനലൂർ | RPL | 2026 | |
| 12 | അച്ചൻ കോവിൽ, പുനലൂർ | KFDC | 2026 | |
| 13 | പുനലൂർ | ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് | 2021 | |
| 14 | നെന്മാറ | റോസറി എസ്റ്റേറ്റ് | 1995 | തോട്ടം സർക്കാരിലേക്ക് ഏറ്റെടുത്തു. |
| 15 | നെന്മാറ | ക്ലിഫ് വ്യൂ(2 ബിറ്റുകൾ) | 2004 | |
| 16 | | തൂത്തംപാറ | 2007 | |
| 17 | വാഴച്ചാൽ | റ്റാറ്റ കോഫി ലിമിറ്റഡ് | 1915 മുതൽ (For ever) | |
| 18 | വാഴച്ചാൽ | പെരുംപാറ എസ്റ്റേറ്റ് | 1958 മുതൽ (For ever) | |
| 19 | ചാലക്കുടി | കൊച്ചിൻ മലബാർ എസ്റ്റേറ്റ് | 2029 | |

| | | | | |
|---|---|---|---|---|
| 20 | ചാലക്കുടി | പ്ലാന്റേഷൻ കോർപ്പറേഷൻ | 2021 | |
| 21 | മലയാറ്റൂർ | പ്ലാന്റേഷൻ കോർപ്പറേഷൻ | 2021 | |
| 22 | കോഴിക്കോട് | പ്ലാന്റേഷൻ കോർപ്പറേഷൻ | 2055 | |
| 23 | നോർത്ത് വയനാട് | കെ.എഫ്.ഡി.സി. | | |
| 24 | ചാലക്കുടി | ഹാരിസൺ മലയാളം ലിമിറ്റഡ് | 1911 മുതൽ 1928 അനിശ്ചിതകാലത്തേക്ക് | |

സെക്ഷൻ ഓഫീസർ